നമ്പർ : ICPS 2/9511/2017

സാമൂഹ്യ നീതി ഡയറക്ടറേറ്റ്,
തിരുവനന്തപുരം 19/06/2017

# സർക്കുലർ

വിഷയം : സാമൂഹ്യ നീതി വകുപ്പ്, ഐ.സി.പി.എസ്:- ജെ.ജെ സ്ഥാപനങ്ങളിൽ മധ്യവേനലവധിക്കാലത്ത് പ്രത്യേക പരിപാടികൾ സംഘടിപ്പിക്കുന്നതിനുള്ള റിപ്പോർട്ട് സമർപ്പിക്കുന്നത് സംബന്ധിച്ച്.

സൂചന : ഈ കാര്യാലയത്തിൽ നിന്നുള്ള 06.04.2017-ലെ ഇതേ നമ്പർ ഉത്തരവ്.

സാമൂഹ്യ നീതി വകുപ്പിനു കീഴിലുള്ള ജെ.ജെ സ്ഥാപനങ്ങളിലെ കുട്ടികൾക്കു വേണ്ടി മധ്യ വേനലവധിക്കാലത്ത് കുട്ടികളുടെ ശാരീരികവും മാനസികവുമായ വളർച്ചയ്ക്കും മാനസിക ഉല്ലാസത്തിനും വേണ്ടി യോഗ പരിശീലനം, കുട്ടികളിൽ വായനാശീലം വളർത്തുന്നതിനുള്ള പ്രവർത്തനങ്ങൾ, നീന്തൽ/സൈക്ലിംഗ് പരിശീലനം സംഘടിപ്പിക്കൽ, കലാകായിക പരിശീലനം, ലൈഫ് സ്കിൽ ക്ലാസ്സുകൾ സംഘടിപ്പിക്കുക തുടങ്ങിയ കാര്യങ്ങൾ അതാത് ജെ.ജെ സ്ഥാപനങ്ങളിൽ സംഘടിപ്പിക്കുന്നതിന് 10,000/-രൂപ വീതം അനുവദിച്ച് ഉത്തരവായിരുന്നു. സ്ഥാപന സൂപ്രണ്ടുമാർ അതാത് സ്ഥാപനങ്ങളിൽ സംഘടിപ്പിച്ച പരിപാടികളെക്കുറിച്ചുള്ള വിശദമായ റിപ്പോർട്ട്, തുക വിനിയോഗിച്ചതു സംബന്ധിച്ച യൂട്ടിലൈസേഷൻ സർട്ടിഫിക്കേറ്റ്, എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെൻറ് തുടങ്ങിയവ അടിയന്തിരമായി ഈ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതാണ്.

സാമൂഹ്യ നീതി ഡയറക്ടർക്കു വേണ്ടി

എല്ലാ ചിൽഡ്രൻസ് ഹോം/സ്പെഷ്യൽ
ചിൽഡ്രൻസ് ഹോം സൂപ്രണ്ടുമാർക്കും

പകർപ്പ്

1. എല്ലാ ജില്ലാ സാമൂഹ്യ നീതി ഓഫീസർമാർക്കും
2. സ്റ്റോക്ക് ഫയൽ
3. സ്പെയർ കോപ്പി